## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3055 15.02.2013- ൽ മറുപടിക്ക്

ദുരന്തങ്ങൾ പ്രതിരോധിക്കുവാനും ഫലപ്രദമായി പ്രവർത്തിക്കാനുമുള്ള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. എം.എ വാഹീദ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ദുരന്തങ്ങൾ പ്രതിരോധിക്കാനും ദുരന്തമുഖങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കാനുമുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്തുണ്ടാകുന്ന വിവിധങ്ങളായ പ്രകൃതി ദുരന്തങ്ങളെ വളരെ വിശദമായി അപഗ്രഥിച്ച് ഓരോ ഭൂപ്രദേശത്തെയും അതിന്റെ തീവ്രത അനുസരിച്ച് മാത്രമേ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സാധിക്കുകയുള്ളൂ. അതിന്റെ മുന്നോടിയായി സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, ഇടുക്കി ജില്ലകളിലും സമഗ്രമായി ദുരന്ത അപഗ്രഥന പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. |
| (ബി) | ഏതെല്ലാം ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും (തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്) ഇടുക്കി ജില്ലയിലുമാണ് നിലവിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. കഴിഞ്ഞ അഞ്ചു വർഷത്തെ ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും, അവ ഏതൊക്കെ ദുരന്തങ്ങൾക്കാണ് നൽകിയിരിക്കുന്നത് എന്നതിന്റെ സമഗ്രമായുള്ള അപഗ്രഥനം 'ദുരന്ത സാധ്യതാ അപഗ്രഥന സെല്ലി'ൽ നടന്നു കൊണ്ടിരിക്കുകയാണ്. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; | (സി) | സംസ്ഥാന സർക്കാരിന്റെ റവന്യൂ ദുരന്ത നിവാരണ വകുപ്പ് നേരിട്ട് ദുരന്ത സാധ്യതാ അപഗ്രഥന സെല്ലും ഭൗമശാസ്ത്ര പഠന കേന്ദ്രവും ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) | ഈ പദ്ധതിയിൽ ജനപ്രതിനിധികളെ പങ്കാളികളാക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമാണ് ; | (ഡി) | ഉണ്ട്. ദുരന്ത സാധ്യതാ അപഗ്രഥനത്തിന്റെ ഭാഗമായുള്ള വിവരശേഖരണത്തിനായി അതാത് പ്രദേശത്തെ വാർഡ് മെമ്പർ/കൗൺസിലർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ഇ) | പദ്ധതി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഇ) | നിലവിലുള്ള പദ്ധതി പൂർത്തീകരിച്ച ശേഷം ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ